**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2799** **10-03-2025 - ൽ മറുപടിയ്ക്ക്**

**പുസ്തക പ്രസിദ്ധീകരണത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിനു 40,000/-രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിൽ നിന്നും സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി പ്രകാരം ഒരു വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 19 പേർക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾക്ക് ഇതരവിഭാഗത്തിൽപ്പെട്ട ഒരാൾക്കും സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പിൽ നിന്നും പരമാവധി 40,000/- (നാൽപ്പതിനായിരം രൂപാ മാത്രം) രൂപ ധനസഹായമായി നൽകുന്നതാണ് പദ്ധതി. ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ പി.ആർ.ഡി മുഖേന പത്രവാർത്ത നൽകി ക്ഷണിക്കുന്നതും, എൻട്രികൾ സർക്കാർ നിർദ്ദേശിക്കുന്ന ജൂറി അംഗങ്ങൾക്ക് നൽകുകയും ജൂറി അംഗങ്ങൾ തെരഞ്ഞെടുക്കുന്ന 20 സാഹിത്യകാരന്മാർക്ക് ചീഫ് പബ്ലിസിറ്റി ഓഫീസ് മുഖേന 3 ഗഡുക്കളായി 40,000/- (നാൽപ്പതിനായിരം രൂപാ മാത്രം) രൂപ അനുവദിക്കുന്നു. മൗലികമായ രചനകളുടെ 2 കയ്യെഴുത്ത് പ്രതികൾ, ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യ പത്രങ്ങൾ സഹിതം ചീഫ് പബ്ലിസിറ്റി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ